# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5697 — **02.07.2014 -ൽ മറുപടിയ്ക്ക്**

### കുഴൽക്കിണർ ഏജൻസികൾക്ക് നിയന്ത്രണം

**ചോദ്യം**

ശ്രീ.എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്
,, എ. റ്റി ജോർജ്
,, പി. എ മാധവൻ

**ഉത്തരം**

ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പു മന്ത്രി)

(എ) ഭൂജലം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കുഴൽക്കിണർ ഏജൻസികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(എ) ജി.ഒ.(എംഎസ്)നം.59/2014/ജവിവ തീയതി 27.06.2014 പ്രകാരം സ്വകാര്യ കുഴൽ കിണർ നിർമ്മാണ ഏജൻസികൾ കേരള ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന് ഉത്തരവായിട്ടുണ്ട്. ഇതു സംബന്ധിച്ച് കേരള ഭൂജല(നിയന്ത്രണവും ക്രമീകരണവും) ആക്ടിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇതിനായി എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏജൻസികളുടെ രജിസ്ട്രേഷൻ, അവർ കുഴിക്കുന്ന കിണറുകൾ എന്നിവ സംബന്ധിച്ച വിശദാംശ

ബി, സി, & ഡി ജി.ഒ.(എംഎസ്)നം.59/2014/ജവിവ തീയതി 27.06.2014 പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കുഴൽ കിണർ നിർമ്മാണ ഏജൻസികൾ/വ്യക്തികൾ സംസ്ഥാന ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി ഓരോ റിഗ്ഗിനും 50000/- രൂപ രജിസ്ട്രേഷൻ ഫീസ്

ങ്ങൾ അധികൃതരെ ഏൽപ്പിക്കുന്നത് നിർബന്ധിതമാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട് ; വിശദാംശങ്ങൾ നൽകുമോ?

നിശ്ചയിച്ചിട്ടുണ്ട്. ലൈസൻസ് പുതുക്കുന്നതിന് വർഷം തോറും 5000/- രൂപയും ഈടാക്കുന്നതാണ്. ഇത് ലംഘിക്കുന്ന ഏജൻസികൾക്ക് 25000/- രൂപ പിഴ ചുമത്താനും വ്യവസ്ഥയുണ്ട്. കുഴൽക്കിണർ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ/വ്യക്തികൾ നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേരള ഭൂജല അതോറിറ്റിയിൽ നിശ്ചിത മാതൃകയിൽ സ്റ്റേറ്റ്മെന്റുകൾ എല്ലാ മാസവും സമർപ്പിക്കേണ്ടതുമാണ്. കൂടാതെ ഭൂജല അതോറിറ്റി കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്.

സെക്ഷൻ ഓഫീസർ